## പതിമൂന്നാം കേരളനിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 692** **20/03/2013 ൽ മറുപടിക്ക്**

**ജനറിക് മരുന്നുകൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വി. റ്റി. ബൽറാം | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. എല്ലാ സർക്കാർ ആശുപത്രികൾ മുഖേനയും അവശ്യമരുന്ന പട്ടികയിൽ ഉൾപ്പെട്ട 518 ഇനം മരുന്നുകളിൽ 450 ഇനം മരുന്നുകൾ ഇപ്പോൾ തന്നെ ജനറിക് നാമത്തിൽ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ അദ്ധ്യക്ഷനായി വിവിധ വകുപ്പ മേധാവികൾ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയും മേൽപ്പറഞ്ഞ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ വ്യാപകമായി ഉപയോഗിക്കുന്നതുമായ 314 ഇനം മരുന്നുകളുടെ പട്ടിക റാഷണൽ ഡ്രഗ് ലിസ്റ്റ് (RDL) തയ്യാറാക്കുകയും അവ സംഭരിച്ച് വിതരണം ചെയ്യാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി 2012 നവംബർ 1 മുതൽ നടപ്പിലാക്കി.<br><br>ഇതിനു പുറമെ 107 ഇനം ആന്റി കാൻസർ മരുന്നുകൾ ഉള്ളതിൽ 69 ഇനം മരുന്നുകൾ 5 മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും വിതരണം ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഏതൊക്കെ വിഭാഗങ്ങൾക്കാണ് ജനറിക് മരുന്നുകൾ നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | എ.പി.എൽ. ബി.പി.എൽ. ഭേദമില്ലാതെ (ആദായ നികുതി അടയ്ക്കുന്നവർ ഒഴികെ) എല്ലാ വിഭാഗം രോഗികൾക്കും ഈ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. |
| (സി) | ഏതെല്ലാം ആശുപത്രികളിലാണ് ഇത്തരം മരുന്നുകൾ നൽകുന്നത്; വിശദമാക്കുമോ; | (സി) | ഈ പദ്ധതിയുടെ ആരംഭഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും, (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) 3 ജനറൽ ആശുപത്രികളിലും (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) ജനറിക് മരുന്നുകൾ സൗജന്യമായി 2012 നവംബർ 1 മുതൽ നൽകി വരുന്നു. |
| (ഡി) | സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ഈ പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ